REGIONAL NEWS UNIT, ALL INDIA RADIO, CALICUT

ആകാശവാണി

പ്രാദേശിക വാർത്തകൾ

തിയ്യതി: 10-08-2024 സമയം 12.30 PM

# പ്രധാന വാർത്തകൾ

- വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്ത ഭൂമി സന്ദർശിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. മുണ്ടക്കൈ - ചൂരൽമല മേഖലയിൽ പ്രധാനമന്ത്രി വ്യോമ നിരീക്ഷണം നടത്തി.
- സൂചിപ്പാറയിൽ ഇന്നലെ കണ്ടെത്തിയ, മൂന്ന് മൃതദേഹങ്ങളും ഒരു ശരീര ഭാഗവും എയർ ലിഫ്റ്റ് ചെയ്ത് ബത്തേരിയിൽ എത്തിച്ചു
- ത്രിദിന സന്ദർശനത്തിനായി മാലിദ്വീപിൽ എത്തിയ വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ഇന്ന് മാലിദ്വീപ് പ്രസിഡന്റ് മുഹമ്മദ് മുയിസുവുമായി കൂടിക്കാഴ്ച നടത്തും.
- ഷിരൂരിലെ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനു വേണ്ടി തെരച്ചിൽ പുനരാരംഭിക്കുന്ന കാര്യത്തിൽ രണ്ടു ദിവസത്തിനകം തീരുമാനം ഉണ്ടാകുമെന്ന് A.K.M അഷ്റഫ് MLA.
- ഇന്ന് ലോക സിംഹ ദിനം
- പാരീസ് ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടി തിരിച്ചെത്തിയ ഇന്ത്യൻ പുരുഷ ഹോക്കി ടീമിന് ഡൽഹിയിൽ ഗംഭീര വരവേൽപ്പ്.

# വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി വയനാട്ടിലെ ദുരന്തമേഖല സന്ദർശിക്കാനെത്തി. കണ്ണൂരിൽ നിന്ന് ഹെലികോപ്റ്ററിൽ

പുറപ്പെട്ട പ്രധാനമന്ത്രിയും സംഘവും മുണ്ടക്കൈ - ചൂരൽമല ദുരന്ത ബാധിത മേഖലയിൽ വ്യോമ നിരീക്ഷണം നടത്തിയ ശേഷം കൽപ്പറ്റ SKMJ സ്കൂൾ ഗ്രൗണ്ടിലെ ഹെലിപാഡിലിറങ്ങി. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. പിന്നീട് റോഡ് മാർഗ്ഗം ചൂരൽ മലയിലേക്ക് പ്രധാനമന്ത്രിയും സംഘവും യാത്ര തിരിച്ചു.

ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ എന്നിവരും മുതിർന്ന ഉദ്യോഗസ്ഥരും അദ്ദേഹത്തോടൊപ്പം ചൂരൽമലയിലേക്ക് യാത്ര തിരിച്ചിട്ടുണ്ട്.

നേരത്തെ കണ്ണൂർ വിമാത്താവളത്തിലെത്തിയ പ്രധാനമന്ത്രിയെ ഗവർണർ ആരിഫ് മുഹമ്മദ്ഖാനും മുഖ്യമന്ത്രി പിണറായി വിജയനും മുതിർന്ന ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ചേർന്ന് സ്വീകരിച്ചു.

വയനാട്ടിലെ ദുരിതാശ്വാസ - പുനരധിവാസ പ്രവർത്തനങ്ങൾ പ്രധാനമന്ത്രി അവലോകനം ചെയ്യും. ദുരിതാശ്വാസ ക്യാമ്പിലും ആശുപത്രിയിലും പ്രധാനമന്ത്രി സന്ദർശനവും നടത്തും.

പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് ജില്ലയിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

വയനാട്ടിലെ സൂചിപ്പാറയിൽ ഇന്നലെ കണ്ടെത്തിയ, മൂന്ന് മൃതദേഹങ്ങളും ഒരു ശരീര ഭാഗവും എയർ ലിഫ്റ്റ് ചെയ്ത്

ബത്തേരിയിൽ എത്തിച്ചു. സൈന്യവും വനം വകുപ്പും സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പും ചേർന്നാണ് മൃതദേഹം പുറത്തെത്തിച്ചത്.

ഇന്നലെ മേഖലയിൽ തിരച്ചിൽ നടത്തിയ സന്നദ്ധ പ്രവർത്തകരാണ് മൃതദേഹം കണ്ടെത്തിയത്. എന്നാൽ P.P.E കിറ്റ് ഉൾപ്പെടെ ഇല്ലാത്തതിനാൽ സന്നദ്ധ പ്രവർത്തകർക്ക് മൃതദേഹം പുറത്തെടുക്കാൻ കഴിഞ്ഞിരുന്നില്ല.

✪✪✪

ഉരുൾപൊട്ടലിൽ രേഖകൾ നഷ്ടപ്പെട്ടവർക്കായി ഒരുക്കിയ സർട്ടിഫിക്കറ്റ് ക്യാമ്പയിനിൽ ഇന്നലെ 265 പേർക്ക് 636 അവശ്യ രേഖകൾ വിതരണം ചെയ്തു. ജില്ലാ ഭരണ കൂടവും IT മിഷനും ചേർന്നാണ് 12 ദുരിതാശ്വാസ ക്യാമ്പുകളിൽ ക്യാമ്പയിൻ സംഘടിപ്പിച്ചത്.

✪✪✪

വിലങ്ങാട് ഉരുൾപൊട്ടലിൽ വലിയ നാശ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും ഗവൺമെന്റ് വിഷയത്തെ ഗൗരവത്തോടെയാണ് കാണുന്നതെന്നും മന്ത്രി P.പ്രസാദ് പറഞ്ഞു. വിലങ്ങാട് ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങൾ നേരിൽകണ്ട ശേഷം മാധ്യമങ്ങളോട് സംസാരിക്കായിരുന്നു അദ്ദേഹം. വയനാട്ടിലേയും വിലങ്ങാട്ടേയും ദുരന്തബാധിതമേഖലകളെ കുറിച്ച് പഠിക്കാൻ വിദഗ്ധരെ ഉൾപ്പെടുത്തി ഈ മാസം 13ന് കൃഷി വകുപ്പ് ഉന്നത യോഗം വിളിക്കുമെന്ന് മന്ത്രി അറിയിച്ചു.

✪✪✪

ഉരുൾപൊട്ടലുണ്ടായ വിലങ്ങാട്ടെ പുനരധിവാസ പ്രവർത്തനങ്ങളിൽ ഗവൺമെന്റുമായി സഹകരിക്കുമെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ പറഞ്ഞു. വിലങ്ങാട് മേഖല നേരിൽ കണ്ട ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. അറിഞ്ഞതിനേക്കാൾ വ്യാപ്തി ഉരുൾപൊട്ടൽ വഴി വിലങ്ങാടുണ്ടായെന്ന് ബോധ്യപ്പെട്ടതായി പ്രതിപക്ഷ നേതാവ് അറിയിച്ചു.

അപകടാവസ്ഥയിൽ കഴിയുന്നവരെ മാറ്റി ത്താമസിപ്പിക്കണമെന്ന് ആവശ്യപ്പെട്ട അദ്ദേഹം ഷാഫി പറമ്പിൽ MP-യുടെ നേതൃത്വത്തിൽ 20 വീടുകൾ നിർമ്മിക്കുമെന്നും ആവശ്യമെങ്കിൽ കൂടുതൽ വീടുകൾ നിർമ്മിക്കാനും തയ്യാറാണെന്നും പറഞ്ഞു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു വിദേശ സന്ദർശനത്തിന്റെ ഭാഗമായി തിമോർ-ലെസ്റ്റെയിലെ ദിലിയിലെത്തി. ഭരണ നേതൃത്വവുമായും തിമോറിലെ ഇന്ത്യൻ സമൂഹവുമായും രാഷ്ട്രപതി ചർച്ച നടത്തും.

✪✪✪

ത്രിദിന സന്ദർശനത്തിനായി മാലിദ്വീപിൽ എത്തിയ വിദേശകാര്യ മന്ത്രി ഡോ. S. ജയശങ്കർ ഇന്ന് മാലിദ്വീപ് പ്രസിഡന്റ് മുഹമ്മദ് മുയിസുവുമായി കൂടിക്കാഴ്ച നടത്തും. ഇരുരാജ്യങ്ങളും തമ്മിലെ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നത് ഉൾപ്പെടെ വിഷയങ്ങൾ ഇരുവരും ചർച്ച ചെയ്യും.

പ്രതിരോധ, സുരക്ഷാ സഹകരണം ചർച്ച ചെയ്യാൻ മാലിദ്വീപ് പ്രതിരോധ മന്ത്രി മുഹമ്മദ് ഗസ്സൻ മൗമൂണുമായും ജയശങ്കർ ഇന്ന് കൂടിക്കാഴ്ച നടത്തും.

✪✪✪

നാളെ നടത്താനിരുന്ന നീറ്റ്-പി.ജി പരീക്ഷ നീട്ടിവെക്കണമെന്ന ഹർജി സുപ്രീം കോടതി തള്ളി. പരീക്ഷാ കേന്ദ്രങ്ങൾ അനുവദിച്ചത് ചില വിദ്യാർഥികൾക്ക് അസൗകര്യപ്രദമായ രീതിയിലാണെന്ന് കാണിച്ച് നൽകിയ ഹർജിയാണ് കോടതി തള്ളിയത്. രണ്ട് ലക്ഷം വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാക്കുന്നത് അന്യായമാണെന്ന് പരമോന്നത കോടതി നിരീക്ഷിച്ചു.

✪✪✪

പ്രധാൻമന്ത്രി ആവാസ് യോജനയിൽ മൂന്ന് കോടി വീടുകൾ നിർമ്മിക്കാൻ കേന്ദ്ര മന്ത്രിസഭാ യോഗം അനുമതി നൽകി. ഇതിൽ ഒരു കോടി വീടുകൾ നഗര മേഖലയിലും രണ്ടു കോടി വീടുകൾ ഗ്രാമീണ മേഖലയിലും ആയിരിക്കുമെന്ന് മന്ത്രിസഭാ യോഗ തീരുമാനങ്ങൾ അറിയിച്ച അശ്വിനി വൈഷ്ണവ് വിശദികരിച്ചു. നടപ്പ് സാമ്പത്തിക വർഷം മുതൽ 2028-29 സാമ്പത്തിക വർഷം വരെയാണ് പദ്ധതി കാലാവധി.

✪✪✪

ഷിരൂരിലെ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനു വേണ്ടി തെരച്ചിൽ പുനരാരംഭിക്കുന്നതിൽ രണ്ടു ദിവസത്തിനകം തീരുമാനം ഉണ്ടാകുമെന്ന് A.K.M അഷ്റഫ് MLA അറിയിച്ചു. ഗംഗാവലിപ്പുഴയിലെ അടിയൊഴുക്ക്

കുറയുന്നതായി കർണാടക മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചതായി അദ്ദേഹം പറഞ്ഞു.

✪✪✪

ഇന്ന് ലോക സിംഹദിനം. സിംഹത്തിന്റെ സംരക്ഷണത്തെക്കുറിച്ച് അവബോധം വളർത്തുകയെന്ന ലക്ഷ്യത്തോടെയാണ് ദിനാചരണം. സിംഹങ്ങളുടെ എണ്ണം കുറയുന്നതും അവ നേരിടുന്ന ഭീഷണികളും ആഗോള ശ്രദ്ധയിൽ കൊണ്ടുവരികയാണ് ദിനം ലക്ഷ്യമിടുന്നത്.

ഇന്ത്യയിൽ ഗീർ വനമാണ് സിംഹങ്ങളുടെ ആവാസ മേഖല. ഈ പ്രദേശത്തെ സംരക്ഷണ പ്രവർത്തനങ്ങളെ തുടർന്ന് സിംഹങ്ങളുടെ എണ്ണം 2015ൽ 523 ആയിരുന്നത് 2020ൽ 674 ആയി വർധിച്ചതായി പരിസ്ഥിതി മന്ത്രാലയം അറിയിച്ചു.

ലോക സിംഹ ദിനത്തിൽ, സിംഹ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന എല്ലാവരെയും അഭിനന്ദിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയിൽ സിംഹങ്ങളുടെ എണ്ണം വർധിച്ചുവരികയാണെന്നും അദ്ദേഹം എക്സ് പോസ്റ്റിൽ കുറിച്ചു.

✪✪✪

പാരീസ് ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടിയ ശേഷം തിരിച്ചെത്തിയ ഇന്ത്യൻ പുരുഷ ഹോക്കി ടീം കളിക്കാർക്ക് ഡൽഹി വിമാനത്താവളത്തിൽ ഗംഭീര സ്വീകരണം നൽകി. ക്യാപ്റ്റൻ ഹർമൻപ്രീത് സിംഗ്, ഗോൾകീപ്പർ P.R ശ്രീജേഷ്, മുൻ ക്യാപ്റ്റൻ മൻപ്രീത് സിംഗ് എന്നിവരെ ഹാരമണിയിച്ച് സ്വീകരിച്ചു.

✪✪✪

പാരീസ് ഒളിംപിക്സ് ഗുസ്തിയിൽ ഇന്ത്യക്ക് വെങ്കല മെഡൽ. പുരുഷന്മാരുടെ 57 കിലോ ഫ്രീസ്റ്റൈൽ വിഭാഗത്തിൽ അമൻ ഷെറാവത്താണ് മെഡൽ നേടിയത്. ഇതോടെ ഒരു വെള്ളിയും അഞ്ച് വെങ്കലവും ഉൾപ്പടെ ഇന്ത്യയുടെ മെഡൽ നേട്ടം ആറായി. പോയിന്റ് പട്ടികയിൽ ഇന്ത്യ 69-ാം സ്ഥാനത്താണ്.

ഇന്ന് ഗോൾഫിൽ വനിതാ വ്യക്തിഗത വിഭാഗത്തിൽ ഇന്ത്യയുടെ ദിക്ഷാ ദാഗറും അതിഥി അശോകും മത്സരിക്കും. ഇന്ത്യൻ സമയം ഉച്ചക്ക് 12.30നാണ് മത്സരം.

റെസ്‌ലിംഗ് വനിത ഫ്രീസ്റ്റൈൽ 76 കിലോഗ്രാം പ്രീ ക്വാർട്ടർ പോരാട്ടത്തിൽ ഇന്ത്യയുടെ റീതിക ഹൂഡയും ഇന്നിറങ്ങുന്നുണ്ട്. ഉച്ചകഴിഞ്ഞ് 2.50നാണ് മത്സരം.

✪✪✪

ഷൂട്ടിംഗ് താരം അഭിനവ് ബിന്ദ്രയെ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ അത്‌-ലറ്റ് കമ്മീഷൻ ഉപാധ്യക്ഷനായി നിയമിച്ചു. 2026 ശീതകാല ഒളിമ്പിക്സ് വരെയാണ് നിയമന കാലാവധി.

✪✪✪

ഒളിംപിക്സ് ഫൈനലിൽ ഇന്ത്യൻ ഗുസ്തി താരം വിനേഷ് ഫോഗട്ടിന് അയോഗ്യത കൽപ്പിച്ചതിന് എതിരെ നൽകിയ അപ്പീലിൽ പാരീസിലെ കായിക കോടതിയിൽ വാദം പൂർത്തിയായി. വിധി നാളേയ്ക്ക് മുമ്പ് ഉണ്ടായേക്കും. മുതിർന്ന അഭിഭാഷകരായ ഹരീഷ് സാൽവെ, വിദുഷ്പത് സിംഘാനിയ

എന്നിവരാണ് വിനേഷിന് വേണ്ടി ഹാജരായത്. അപ്പീലിൽ അനുകൂലമായ വിധി പ്രതീക്ഷിക്കുന്നതായി ഇന്ത്യൻ ഒളിംപിക്സ് അസോസിയേഷൻ ശുഭാപ്തി വിശ്വാസം പ്രകടിപ്പിച്ചു.

✪✪✪

കണ്ണൂർ അഴീക്കോട് ഗ്രാമപഞ്ചായത്തിലെ P.V രവീന്ദ്രൻ സ്മാരക മിനി സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തി വൈകീട്ട്  മന്ത്രി V. അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്യും. കായിക വകുപ്പിന്റെ 50 ലക്ഷം രൂപയും  K.V. സുമേഷ് MLA യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും വിനിയോഗിച്ചാണ് പ്രവൃത്തി നടപ്പിലാക്കുന്നത്.

✪✪✪

അക്കാദമിക, ഗവേഷണ രംഗത്ത് പരസ്പരം സഹകരിച്ച് പ്രവർത്തിക്കാൻ കണ്ണൂർ സർവകലാശാലയും ഔഷധിയും ധാരണയായി. സർവകലാശാലയുടെ താവക്കര ക്യാമ്പസിൽ കണ്ണൂർ സർവകലാശാലാ രജിസ്ട്രാർ പ്രൊഫ. ജോബി K.ജോസ്, ഔഷധി മാനേജിങ് ഡയറക്ടർ ഡോ. T.K ഹരിദീക് എന്നിവർ ധാരണാപത്രത്തിൽ ഒപ്പുവച്ചു. സർവകലാശാലയിലെ വിദ്യാർത്ഥികൾക്ക് അക്കാദമിക്ക് രംഗത്തെ സഹായങ്ങൾ, ഇന്റേൺഷിപ്പ് സൗകര്യങ്ങൾ മറ്റു പരിശീലനങ്ങൾ എന്നിവയാണ് ഔഷധി വാഗ്ദാനം ചെയ്യുന്നത്. ഔഷധിക്കാവശ്യമായ ശാസ്ത്രീയ പിന്തുണയും മാറ്റ് സൗകര്യങ്ങളും കണ്ണൂർ സർവകലാശാല നൽകും.

✪✪✪

കായംകുളത്ത് ദേശീയ പാതയിൽ ഫ്ലൈ ഓവർ നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് സമരം ചെയ്ത യൂത്ത് കോൺഗ്രസ് നേതാക്കളെ ആക്രമിച്ച പൊലീസുകാർക്കെതിരെ നടപടി വേണമെന്ന് പ്രതിപക്ഷ നേതാവ് V.D. സതീശൻ ആവശ്യപ്പെട്ടു. പുലർച്ചെ രണ്ട് മണിയോടെ വീടുകളിൽ അതിക്രമിച്ചു കയറി ഇവരെ അറസ്റ്റു ചെയ്യുകയായിരുന്നുവെന്ന് സതീശൻ കുറ്റപ്പെടുത്തി.

✪✪✪

വിലകുറഞ്ഞ തുണിത്തരങ്ങളുടെ ഇറക്കുമതി ഖാദി മേഖലയ്ക്ക് ഭീഷണിയാണെന്നും ഇത് നിരുത്സാഹ പ്പെടുത്തണമെന്നും മന്ത്രി K.കൃഷ്ണൻകുട്ടി അഭിപ്രായപ്പെട്ടു. വിദേശ കമ്പനികൾ വൻതോതിൽ തുണിത്തരങ്ങൾ ഇറക്കുമതി ചെയ്ത് വിൽപ്പന നടത്തുകയാണെന്നും റിബേറ്റ് നൽകുന്നതിലൂടെ മാത്രം ഖാദി രക്ഷപ്പെടില്ലെന്നും മന്ത്രി പറഞ്ഞു. ഓണം ഖാദി മേളയുടെ പാലക്കാട് ജില്ലാതല പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കേരളാ ബാങ്കിന്റെ സംസ്ഥാന ഓഫീസിനെയും 14 ജില്ലാ ബാങ്കുകളെയും അവയുടെ ശാഖകളെയും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി സംസ്ഥാന വിവരാവകാശ കമ്മീഷൻ ഉത്തരവിറക്കി. കൊല്ലം പതാരം ശാഖയിലെ തിരിച്ചടവുമായി ബന്ധപ്പെട്ട വിഷയത്തിൽ യുവതി മരിച്ചതുമായി ബന്ധപ്പെട്ട പരാതിയിലാണ് വിവരാവകാശ കമ്മീഷണർ ഡോ. A അബ്ദുൽ ഹക്കീമിന്റെ ഉത്തരവ്.

✪✪✪

കണ്ണൂർ പയ്യന്നൂരിനടുത്ത് പാലക്കോട് അഴിമുഖത്ത് രാവിലെ ഫൈബർ വള്ളം മറിഞ്ഞ് മത്സ്യത്തൊഴിലാളി മരിച്ചു. പാലക്കോട് വലിയ കടപ്പുറം സ്വദേശി K.A നാസർ ആണ് മരിച്ചത്. ഫൈബർ വെള്ളം മണൽത്തിട്ടയിൽ ഇടിച്ചു മറിയുകയായിരുന്നു. മൃതദേഹം പരിയാരം കണ്ണൂർ മെഡിക്കൽ കോളേജിലേക്ക് മാറ്റി.

✪✪✪

കാലിക്കറ്റ് ടൈംസ് മുൻ ഫോട്ടോഗ്രാഫർ നടക്കാവ് പി.വി.എസ്. നവരത്ന അപ്പാർട്ട്മെന്റിൽ ബഷീർ അഹമ്മദ് നിര്യാതനായി. കബറടക്കം വൈകുന്നേരം 5 ന് കണ്ണംപറമ്പ് ഖബർസ്ഥാനിൽ നടത്തും.

✪✪✪

ഇടുക്കിയുടെ മലനിരകളിൽ മേട്ടുക്കുറിഞ്ഞി പൂത്തു. ഇടുക്കി പരുന്തുംപാറ, കുട്ടിക്കാനം ആഷ്‌ലി മലനിരകൾ, കട്ടപ്പന കല്യാണത്തണ്ട്, വാഗമൺ മൊട്ടക്കുന്ന് എന്നിവിടങ്ങളിലാണ് പൂത്ത് നിൽക്കുന്ന കുറുഞ്ഞിപ്പൂക്കൾ നീലിമയാർന്ന കാഴ്ച വിരുന്നൊരുക്കുന്നത്.

✪✪✪

കോഴിക്കോട് ചെറുവണ്ണൂരിലെ ഗീതാഞ്ജലി പ്രിന്റിംഗ് പ്രസ്സിലുണ്ടായ തീപ്പിടുത്തത്തിൽ വൻ നാശനഷ്ടമുണ്ടായി. 25 ലക്ഷത്തിലേറെ രൂപയുടെ യന്ത്രോപകരണങ്ങൾ കത്തി നശിച്ചുവെന്നാണ് പ്രാഥമിക വിലയിരുത്തൽ.

✪✪✪

बहुजनहिताय बहुजनसुखाय

आकाशवाणी